രിക്കണം. ഇതിനെന്തെങ്കിലും മാനദണ്ഡം ഈ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ? താലൂക്കും ജില്ലയും രൂപീകരിക്കുന്നതിന് വല്ല മാനദണ്ഡവും ഈ ഗവൺമെന്റിനുണ്ടോ ? ദീർഘകാലമായുള്ള ജനങ്ങളുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ, താലൂക്ക് രൂപീകരിക്കപ്പെടുമ്പോൾ ഈ ഗവൺമെന്റ് അംഗീകരിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും മുൻഗണനാക്രമം വച്ചുകൊണ്ടാണോ, താലൂക്കും ജില്ലയും ഇവിടെ രൂപീകരിക്കുന്നത്. അങ്ങനെ ഒരു പരിഗണന നൽകുന്നു എങ്കിൽ അതിന്റെ അടിസ്ഥാനത്തിലെങ്കിലും ഈ വരാൻപോകുന്ന തെരഞ്ഞെടുപ്പിനു മുമ്പെങ്കിലും പട്ടാമ്പി താലൂക്ക് രൂപീകരണം പ്രഖ്യാപിക്കാൻ കഴിയുമോ ബഹുജനപ്രക്ഷോഭം വളർന്നു വരുന്നതിനും പല സ്ഥലങ്ങളിലും താലൂക്കിന്റെ ആവശ്യം ഉയർന്നു വരുന്നതിനും ഈ ഗവൺമെന്റിന്റെ നയം അവസരമുണ്ടാക്കി, ഇത്തരത്തിൽ ജനങ്ങളെ തമ്മിലടിപ്പിക്കുന്നതിന് പകരം, ശാസ്ത്രീയമായി ഏതെല്ലാം താലൂക്കുകളാ വിഭജിക്കേണ്ടതുണ്ട്, അത് പരിശോധിക്കുകയും, അതിന്റെ മുൻഗണനാ ക്രമത്തിൽ ഏതെല്ലാമാണ് അടിയന്തിരമായി നടപ്പിലാക്കേണ്ടതെന്ന് പരിശോധിച്ച് അത് നടപ്പിലാക്കുന്നതിന് നടപടി എടുക്കുകയും വേണം. അങ്ങനെ നിങ്ങൾ തീരുമാനിക്കുന്നു എങ്കിൽ അതിലൊന്നാം സ്ഥാനം പട്ടാമ്പിക്കായിരിക്കും എന്ന കാര്യത്തിൽ എനിക്കൊരു സംശയവുമില്ല. അടിയന്തിരമായി ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ആ പ്രഖ്യാപനമുണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു, അതിനുവേണ്ടി ആവശ്യപ്പെടുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, താലൂക്കുകൾ രൂപീകരിക്കാൻ മാനദണ്ഡങ്ങളൊക്കെ അംഗീകരിച്ചിട്ടുണ്ട്. വിസ്തീർണ്ണം, ജനസംഖ്യ, ഭരണസൗകര്യം അതിനെയൊക്കെ അടിസ്ഥാനപ്പെടുത്തിയാണ് താലൂക്കുകൾ രൂപീകരിക്കുന്നത്. പക്ഷെ 1970 മുതൽ പരിശോധിച്ചിട്ടും ഇത് പ്രായോഗികമാകാതെ ഇരിക്കുന്നതിന്റെ ഒരു കാരണം ബഹുമാനപ്പെട്ട മെമ്പർ തന്നെ പറഞ്ഞതാണ്. നാളെ അവിടെ ഹർത്താലും, ബന്ദും എല്ലാം പ്രഖ്യാപിച്ചിട്ടുണ്ട്. 43 താലൂക്കുകൾ വിഭജിക്കാമെന്നാണ്. ശക്തമായ പ്രക്ഷോഭണം ഉണ്ടാകുമെന്ന് സൂചിപ്പിച്ചുകൊണ്ട് നിവേദനം കിട്ടിയിട്ടുള്ളത്. അങ്ങനെയുള്ള ഒരു പശ്ചാത്തലത്തിൽ 1981-ലെ ഗവൺമെന്റ് ആലോചിച്ചു, ആലോചിച്ചാൽ തീരുമാനിക്കാൻ സമയമൊന്നും വേണ്ട. അന്ന് നടക്കാതിരുന്നതിന്റെ കാരണത്തെപ്പറ്റിയും മെമ്പർക്ക് ആലോചിക്കാവുന്നതാണ്. ഏതായാലും താലൂക്ക് വിഭജിക്കുന്ന സമയത്ത് പട്ടാമ്പിയുടെ കാര്യവും പരിഗണിക്കുന്നതാണ്.

(5) മുരുകപ്പനാശാരി എന്നയാളെ നിയമവിരുദ്ധമായി ലോക്കപ്പിൽ വച്ച സംഭവം

ശ്രീ. ഇ. കെ. നായനാർ : സർ, നമ്മുടെ മുഖ്യമന്ത്രിയുടെ വകുപ്പിൽപെട്ട പോലീസിന്റെ പ്രവർത്തനത്തിന്റെ ഒരു കണ്ണാടിയാണ്, ഈ തിരുവനന്തപുരത്ത് നടന്ന ഒരു സംഭവത്തിൽ പ്രതിഫലിച്ചിട്ടുള്ളത്. ഞാൻ പ്രതീക്ഷിക്കുന്നത് മുഖ്യമന്ത്രി ഇക്കാര്യത്തിലെങ്കിലും സത്യം പറയുമോ എന്നാണ്. ഗുരുവായൂരപ്പനെ എപ്പോഴും സന്ദർശിക്കുന്ന മുഖ്യമന്ത്രി ഇക്കാര്യത്തിലെങ്കിലും സത്യം പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്, സാധാരണ ഇല്ലെങ്കിലും. ഇന്നലെ ഞാൻ സഭയിൽ പറഞ്ഞു ഇവിടെ നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്ന വെടിവെയ്പിനെ സംബന്ധിച്ച്. ഇക്കഴിഞ്ഞ ഞായറാഴ്ച തിരുവനന്തപുരത്ത് ചാക്കയിലെ തങ്കശ്ശേരി രത്നവിലാസിൽ മുരുകപ്പനാശാരി എന്ന ആളെ കൺറോൺമെന്റ് പോലീസ് അറസ്റ്റ് ചെയ്തു. ഇന്നലെവരെ ഈ സഭയുടെ മുമ്പിലുള്ള കൺറോൺമെന്റ് പോലീസ് അദ്ദേഹത്തെ ലോക്കപ്പിലിട്ടു. ഇന്നലെ ഞാൻ എന്റെ ആഫീസിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് അന്വേഷിച്ചപ്പോഴും അങ്ങനെ ഒരാശാരിയേ അവിടെയില്ല എന്നു പറഞ്ഞു. തല്ലിക്കൊന്നുവെന്ന് ഞാൻ സംശയിച്ചു. പക്ഷെ വിട്ടയച്ചു എന്നാണ് ഇന്നത്തെ പത്രത്തിൽ. കോടതി സർച്ച് വാറണ്ട് അയച്ചതിനെ തുടർന്ന് വിട്ടയച്ചു എന്നാണ്. ഇന്നത്തെ പത്രത്തിൽ വായിക്കാൻ കഴിഞ്ഞത്. നിരപരാധിയായ ഒരാളെ 4 ദിവസം തടങ്കലിൽവച്ച സംഭവത്തിന്റെ പിന്നിൽ മുഖ്യമന്ത്രിയുടെ നിർദ്ദേശമുണ്ടെന്നറിഞ്ഞു. സ്പെഷ്യൽ ബ്രാഞ്ച് വിഭാഗവും ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി മുരുകപ്പനാശാരിയെ അന്യായമായി 4 ദിവസം തടങ്കലിൽ സൂക്ഷിച്ച വിവരം മുകളിലേക്ക് റിപ്പോർട്ട്ചെയ്തു. മുകളിൽനിന്നുള്ള നിർദ്ദേശം, മുകളിൽ എന്നു പറഞ്ഞാൽ ഏറ്റവും മുകളിൽ ഇവിടെ മുഖ്യനാണുള്ളത്: എത്ര അപമാനകരമാണ് നമ്മുടെ ആഭ്യന്തര വകുപ്പിന്റെ സ്ഥിതി എന്നു മനസ്സിലാക്കണം. മുരുകപ്പനാശാരി ഒരു തെറ്റും ചെയ്തില്ല. അദ്ദേഹത്തെ പോലീസ് ലോക്കപ്പിൽനിന്ന്, നമ്മുടെ കൺഫർമെന്റ് ലോക്കപ്പിൽനിന്ന് വിട്ടു എന്നാണ് ഇന്നത്തെ മാതൃഭൂമി റിപ്പോർട്ട്. ഇന്നലെ വൈകുന്നേരം എന്റെ ആഫീസിൽനിന്നന്വേഷിച്ചപ്പോഴും അങ്ങനെ ഒരാളവിടെയില്ല എന്നാണ് അറിഞ്ഞത്. ഇവിടെ അയാളുടെ മകനും കൂട്ടുകാരനും, ഈ കൂട്ടുകാരൻ യൂത്ത്കോൺഗ്രസ് നേതാവ് ശരത്ചന്ദ്രപ്രസാദിന്റെ ഒരു ബന്ധുവാണെന്നാണ് ഞാൻ മനസ്സിലാക്കിയത്, അറിയുന്നത് ശരിയാണോ എന്ന് അറിയില്ല. സ്കൂട്ടറിൽ പോകുമ്പോഴും ഒരപകടം ഉണ്ടായി. മുഖ്യമന്ത്രിയുടെ ഭാര്യയും മകൻ മുരളിയുടെ ഭാര്യയും മറ്റും സഞ്ചരിച്ചിരുന്ന സ്റേറാറ് കാർ സ്കൂട്ടറിൽ ഇടിച്ചു. കാർ ഡ്രൈവറും സ്കൂട്ടറുകാരും തർക്കമായി പരസ്പരം തെറി വിളിച്ചു എന്നാണ് അറിയുന്നത്. ആരിവിടെ പറയാൻ കൊള്ളാത്ത ആഭാസങ്ങളായിരുന്നു എന്നാണ് മനസ്സിലാകുന്നത്. നമ്മുടെ തോപ്പിൽ രവിയോട് ചോദിച്ചാൽ സാഹിത്യം കുട്ടിയെന്നു വന്നേക്കാം. പൂനിക്കത് പറയാനാവില്ല. കാറിനകത്തുണ്ടായിരുന്ന മുഖ്യമന്ത്രിയുടെ മരുമകൻ സ്കൂട്ടറിന്റെ നമ്പർ കുറിച്ചെടുത്തു. ഒക്ടോബർ 18-ാം തീയതി കീഴ്ക്കോടതിയിൽ വച്ചായിരുന്നു സംഭവം. പാൽക്കുളങ്ങര ഒരു വിവാഹചടങ്ങിൽ പങ്കെടുക്കാൻ പോകുകയായിരുന്നു മുഖ്യമന്ത്രിയുടെ കുടുംബം. സംഭവം നടന്ന ദിവസംതന്നെ പോലീസ് രംഗത്തെത്തി സ്കൂട്ടർ കസ്റഡിയിലെടുത്തു. അടുത്ത ദിവസം രാവിലെ സ്കൂട്ടർകാരിൽ ഒരാളുടെ പിതാവായ മുരുകപ്പനാശാരിയെ പിടിച്ചു കൊണ്ടുപോയി. സ്കൂട്ടർ ഓടിച്ചിരുന്നവർ സ്റേഷനിൽ ചെല്ലാതെ അയാളെ വിടുകയില്ലെന്നു പറഞ്ഞു. ഇതെന്തൊരു നിയമമാണെന്നറിയില്ല. മകനെ കിട്ടാത്തതുകൊണ്ട് അച്ഛനെ പിടിച്ചുകൊണ്ടുപോയി. 4 ദിവസം ലോക്കപ്പിൽ വച്ചു. 22-ാം തീയതി ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിന് - പരാതി കൊടുത്തു. ആശാരിയുടെ ഭാര്യ രാത്രിനന്ന 4 ദിവസം മുൻപ് പോലീസ് പിടിച്ചുകൊണ്ടുപോയ ഭർത്താവിനെ വിട്ടുകിട്ടാനാണ് മജിസ്ട്രേട്ട് കോർട്ടിൽ പോയത്. മജിസ്ട്രേട്ടിന്റെ സർച്ച് വാറണ്ട് ചെന്നപ്പോഴേക്കും അയാളെ വിട്ടു. മജിസ്ട്രേട്ട് സർച്ച് വാറണ്ടയച്ച ഉടനെ ആശാരിയെ വിട്ടയച്ചു എന്നാണ് ഇന്നത്തെ പത്രത്തിൽ വന്നത്. ഈ സംഭവത്തിന്റെ പേരിൽ സർക്കിൾ ഇൻസ്പെക്ടർ നന്ദകുമാറും പാർട്ടിയും സ്കൂട്ടർ ഓടിച്ചിരുന്ന ചെറുപ്പക്കാരെ തേടി ചാക്കയിലും പാൽക്കുളങ്ങരയിലും നിരവധി വീടുകൾ സർച്ച് ചെയ്ത്, ആക്രമണം നടത്തി, പലരേയും മർദ്ദിച്ചു. ഈ നന്ദകുമാർ ഇത്തരം കാര്യങ്ങൾക്ക് കുപ്രസിദ്ധി നേടിയ ആളാണെന്നാണ് പറയുന്നത്. പിന്നെ സിറ്റി പോലീസ് കമ്മീഷണറായി പുതിയ ഉദ്യോഗം കൊടുത്ത ഡി. ഐ. ജി. ശ്രീവാസ്തവ ഞാൻവിളിക്കാറ് 'സ്ത്രീവാസ്തവ'എന്നാണ്, നപുംസകമാണ്. അദ്ദേഹം തൃശ്ശൂരിൽ എസ്. പി. ആയിരുന്നു. 4 വെടിവയ്പ് നടത്തി. 1982 ഡിസംബറിൽ അവിടത്തെ യുവജനങ്ങൾക്കെതിരെ 4 വെടിവയ്പ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തി. കളക്ടറോട് ചോദിച്ചിട്ടില്ല, ആർ. ഡി. ഒ. യോട് ചോദിച്ചിട്ടില്ല എന്നിട്ട് അത് ന്യായീകരിച്ചതാണ് നമ്മുടെ മുഖ്യമന്ത്രി. കരുണാകരൻ ശിങ്കിടിക്കാരനാണ്, മുഖ്യമന്ത്രിയുടെ പെട്ടിയെടുക്കുന്നവനാണ് ഇവിടത്തെ ഡി. ഐ. ജി. മറ്റു പോലീസ് ഓഫീസറൻമാരെപ്പോലും വകയില്ല എന്നാണ് അറിയുന്നത്. അദ്ദേഹത്തിന്റെ സ്വഭാവവും മോശമാണ്. ഞാൻ അത് ഇവിടെ പറയുന്നില്ല. ഞങ്ങളൊക്കെ ആരോപണം ഉന്നയിച്ചിട്ടുള്ളതാണ്. അയാളുടെ അഴിമതിയെപ്പറ്റിയും സ്വഭാവ ദൂഷ്യത്തെപ്പറ്റിയും പെറ്റിഷൻ കൊടുത്തതാണ്. സ്വഭാവദൂഷ്യത്തെപ്പറ്റി ഇവിടെ പറയാൻ പറ്റുമോ? പറ്റുകയില്ല. എന്ത് അക്രമങ്ങളും നടത്താൻ തയ്യാറുള്ളവനുമാണ്. മുഖ്യമന്ത്രിയുടെ കുടുംബത്തെ അധിക്ഷേപിച്ച ചെറുപ്പക്കാരനെ കണ്ടുപിടിക്കാൻ എന്ന പേരിൽ പോലീസ് വീടുകളിൽ കയറി ആളുകളെ തല്ലി. ഒരാളെ അറസ്റ്റു ചെയ്താൽ 24 മണിക്കൂറിനകം കോടതിയിൽ ഹാജരാക്കണമെന്ന് ഹൈക്കോടതിയിൽനിന്ന് വിധിയുണ്ട്. അത് നിയമമാണ്. ഭരണഘടന ഒന്നും ഇവിടെ ബാധകമല്ല. ഇവിടെ വെറും തോന്ന്യാസമാണ് നടക്കുന്നത്. അല്ലെങ്കിൽ. ഒരു എസ്. പി. 4 വെടിവെയ്പ് നടത്തിയാൽ നടപടി എടുക്കുകയില്ലേ? എന്നിട്ട് ഇപ്പോഴും അയാൾക്ക് ഡി. ഐ. ജി. പോസ്റ്റല്ലേ കൊടുത്തത്? കളക്ടർ അടുത്തിരിപ്പുണ്ട്. കളക്ടറോട് ചോദിച്ചിട്ടില്ല. ആർ. ഡി. ഒ. യോട് ചോദിച്ചിട്ടില്ല, വെടിവയ്പ്പിന് ഉത്തരവ് നൽകിയപ്പോൾ. എന്നിട്ടിപ്പോഴും അയാൾക്ക് പ്രൊമോഷൻ കൊടുത്തിരിക്കുകയല്ലേ. ഇപ്പോൾ ഇവിടെ ഭരണഘടനക്ക് വല്ല നിലനില്പുമുണ്ടോ? ക്രിമിനൽ നടപടികമങ്ങളും വ്യവസ്ഥകളും ലംഘിച്ച് നിരപരാധികളെ ലോക്കപ്പിലിട്ട് മർദ്ദിക്കുകയും ഒരു പോലീസ് രാജ്യമാക്കിത്തീർത്തിരിക്കുകയുമാണ് സംസ്ഥാനത്തെ. രാജ്യത്തിന് അപമാനകരമാണ് സ്വന്തം കുടുംബത്തിനുവേണ്ടി പാവങ്ങളെ പോലീസിനെക്കൊണ്ട് പിടിപ്പിക്കുന്ന ഈ മുഖ്യൻ. ഷെയിം ആണ്. നമ്മുടെ രാജ്യത്തിന് തന്നെ നാണക്കേടായിത്തീർന്നിരിക്കുകയാണ്. മുഖ്യമന്ത്രി നിഷേധിക്കുമെന്ന് എനിക്കറിയാം. ഇന്ന് മാതൃഭൂമി ലേഖകൻ പറയുന്നു "മകനെ കിട്ടാതെ തന്നെ അച്ഛനെ വിട്ടു" എന്ന്. ബുധനാഴ്ച വൈകുന്നേരം ലേഖകൻ കൺഫർമേഷൻ സ്റ്റേഷനിൽ ചെന്നപ്പോൾ മുരുകപ്പനാശാരി അവിടെ ഉണ്ടായിരുന്നു. മുകളിലുള്ള നിർദ്ദേശത്തെ തുടർന്നാണ് ഉണ്ണിയുടെ പിതാവിനെ കസ്റ്റഡിയിൽ എടുത്തതെന്ന് പോലീസ് പറഞ്ഞു. അതിനു ശേഷം ബുധനാഴ്ച രാത്രിതന്നെ പോലീസ് വാറണ്ട് വന്നപ്പോൾ മുരുകപ്പൻ ആശാരിയെ തുറന്നുവിട്ടു. ഇനി പറയും അങ്ങനെ ഒരു ആശാരിയേ ഇല്ലെന്ന്. മുരുകപ്പൻ ഇല്ലായെന്ന് പറയും. പടച്ചോനും ഇല്ലെന്നു പറയും. ഗുരുവായൂരപ്പനെ പോയി ചുട്ട് തിന്നുകയും ചെയ്യും. അപ്പോൾ സത്യം ഒന്നെങ്കിലും പറയുമോ? മുരുകപ്പനാശാരിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ? നടപടി എടുത്തിട്ടുണ്ടോ? കുടുംബത്തിനു വേണ്ടിയാണോ ഈ പോലീസ് വകുപ്പ് ഉപയോഗിക്കുന്നത്? അത്താഴം കൊള്ളരുതാത്ത ഡി. ഐ. ജി. യെ എന്തിനാണ് വച്ചത്? അയാളുടെ പേരിൽ എത്രയോ പെറ്റിഷൻസ് തൃശ്ശൂരിൽനിന്ന് സഖാക്കൾ കൊടുത്തതാണ്. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണ് ഇവിടെ ക്രൂരമായി മർദ്ദനം നടത്തിയത്. ഇതിനെ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥരെ ശിക്ഷിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സന്നദ്ധമാകുമോ എന്നാണ് അറിയേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, മുഖ്യമന്ത്രിയെ എല്ലാ ദിവസവും പ്രശ്നങ്ങൾ കണ്ടെത്തി ആക്ഷേപിക്കുന്നതിൽ എനിക്ക് വിരോധമില്ല.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ചന്ദ്രശേഖരൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോഴും ഞങ്ങളാരും മിണ്ടിയിട്ടില്ല. ഇവിടെ ഞങ്ങൾക്കും സംസാരിക്കാൻ സ്വാതന്ത്ര്യമുണ്ട്. തടയാൻ സാദ്ധ്യമല്ല. പ്രതിപക്ഷനേതാവ് സംസാരിക്കുന്നത് ശാന്തമായി ഞങ്ങൾ കേട്ടിരുന്നു. സത്യവിരുദ്ധമായ കാര്യങ്ങൾ ഈ സഭയിൽ ഉന്നയിക്കുക, അത് ഇല്ലെന്നു പറഞ്ഞാൽ അത് സത്യവിരുദ്ധമാണെന്ന് പറയുന്ന ഏർപ്പാട് അവസാനിപ്പിക്കണം. ഈ സംഭവത്തിൽ ഇവിടെ ചൂണ്ടിക്കാണിച്ച സംഗതി ശരിയല്ല എന്റെ വീട്ടിൽനിന്ന് ഒരു പരാതിയും പോയിട്ടില്ല. എന്റെ ഭാര്യ ഒരു പരാതിയും കൊടുത്തിട്ടില്ല. എന്റെ മകന്റെ ഭാര്യ ഉണ്ടായിരുന്നു എന്നാണ് പറയുന്നത്. അവർ കാലിക്കറ്റിലാണ്. അവർ തിരുവനന്തപുരത്ത് ഇല്ല. സ്ഥിരമായി കാലിക്കറ്റിലാണ്. എന്തെങ്കിലും ഉന്നയിക്കുന്നതിന് ഒരർത്ഥം വേണം. ഈ കാര്യത്തിൽ മുരുകപ്പനാശാരി എന്നു പറയുന്നയാളുടെ പേരിൽ തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസിൽ ക്രൈം 530/86-ൽ അണ്ടർ സെക്ഷൻ 279/304-എ. പി. സി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സിൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹത്തെ ചോദ്യംചെയ്യാൻ വിളിച്ചിരുന്നു. വിളിച്ച അന്നുതന്നെ അദ്ദേഹത്തിന് തെളിവുകൊടുക്കാൻ ഇല്ലാത്തതുകൊണ്ട് 20-ാം തീയതി ഹാജരാകണമെന്നു പറഞ്ഞ് വിട്ടയച്ചു. പിന്നീട് അദ്ദേഹത്തെ ചോദ്യംചെയ്ത അവസരത്തിൽ മൊഴികൾ കൊടുത്തിട്ടുള്ളതായി രേഖകളുണ്ട്. ഏതായാലും ശരി എന്റെ ഭാഗത്തുനിന്നോ എന്റെ കുടുംബത്തിന്റെ ഭാഗത്തുനിന്നോ പരാതിയൊന്നും കൊടുത്തിട്ടില്ല. ഇന്നുവരെ ആര് ആക്ഷേപിച്ചാലും പരാതി കൊടുക്കുന്ന പാരമ്പര്യവുമില്ല എന്റെ കുടുംബത്തെ സംബന്ധിച്ചിടത്തോളം എന്റെ ഭാര്യ ഒരു കാര്യത്തിലും ഇടപെടുകയില്ല. അത് നാട്ടിൽ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇന്നുവരെ ഒരു കാര്യവും അന്വേഷിക്കാറില്ല. പൊതുജീവിതത്തിൽ വന്നുപോയി, ഒരു മുഖ്യമന്ത്രിയായിപ്പോയി എന്നുള്ളതുകൊണ്ട് കുടുംബങ്ങളെക്കുറിച്ച് ഇങ്ങനെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നത് പ്രതിപക്ഷനേതാവിന് ഇനിയെങ്കിലും നിറുത്തിക്കൂടെ. ലജ്ജാവഹമല്ലേ എന്നു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്തിനുവേണ്ടി ഈ ജോലി ? പ്രതിപക്ഷം ഇത്ര പാപ്പരായിപ്പോയല്ലോ എന്നാണ് ഞാൻ വിചാരിക്കുന്നത്. ഗവൺമെന്റിനെതിരായി മുഖ്യമന്ത്രിക്ക് എതിരായി എന്തെങ്കിലും കൊണ്ടുവരാൻ സാധിക്കാത്തതുകൊണ്ട്, കോഴിക്കോട്ട് കിടക്കുന്ന മരുമകളുടെ പേരുപറഞ്ഞ് ആരോപണം ഉന്നയിച്ചതിന് മറുപടി അർഹിക്കുന്നില്ലെങ്കിൽപോലും സത്യവിരുദ്ധമാണ് എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

IV പ്രതിപക്ഷനേതാവിന്റെ പ്രസ്താവന

ടി. വി. യിൽ വന്ന വാർത്ത

ശ്രീ. ഇ. കെ. നായനാർ : വിഷയം എന്താണെന്ന് പറഞ്ഞാൽ എന്റെ പാർട്ടിയിലുള്ള ഒരു എം. എൽ. എ. യെ സംബന്ധിച്ചാണ്. ഇന്നലെ ടെലിവിഷനിൽ ഒരു വാർത്ത വന്നു. ഞങ്ങൾ നടപടി എടുത്തത് ശ്രീ. സി. പി. മൂസ്സാൻകുട്ടിയുടെ പേരിലാണ്. അത് ഇന്ന് പത്രത്തിൽ വന്നിട്ടുണ്ട്. പക്ഷേ ഫോട്ടോ കൊടുത്തത് ശ്രീ. മൂസ്സക്കുട്ടിയുടേതാണ്. അപ്പോൾ ഇവിടത്തെ പബ്ലിസിറ്റി ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവാദിത്വം വഹിക്കുന്ന മന്ത്രി തെറ്റായിട്ട്.....

ഒരു മന്ത്രി ഒരു വ്യഭിചാരശാലയിൽ കയറി എന്ന് ടി. വി. യിൽ വന്നാൽ നിങ്ങൾ പറയുകയില്ലേ. നിങ്ങൾ പറയും. അതുപോലെതന്നെ നമ്മുടെ ഒരു മെമ്പറുടെ പടം തെറ്റായി ടി. വി. യിൽ കാണിച്ചാൽ തീർച്ചയായും അതിന് മന്ത്രി ഇടപെടണം.

LIBRARY ARCHIVES Kerala Legislative Assembly